# വാഗ്ദാനം

യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും



സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും

Dubai Malayalee Catholic Congregation News Letter



മനുഷ്യമക്കളോടുള്ള അനന്ത കരുണയാൽ
തന്റെ ഏകജാതനായ പുത്രനെ ബലിയായി നല്കിയ
പിതാവായ ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത
സ്നേഹവും, കാരുണ്യവും തിരിച്ചറിയാനും
ആ സ്നേഹാനുഭവത്തിൽ നിലനിൽക്കുവാനുമുള്ള കൃപയ്ക്കായി
പരിശുദ്ധ അമ്മേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.



# എഡിറേറാറിയൽ

പ്രിയ സഹോദരങ്ങളേ,

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിന്റെ അനുഗ്രഹം എല്ലാവർക്കും ആശംസിക്കുന്നു.

ഭാരതത്തിലെ ക്രൈസ്തവർക്ക് ആഗസ്റ്റ് 15 രാജ്യത്തിന്റെ സ്വാതന്ത്ര്യദിവസമാണ്, കൂടാതെ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ സ്മരണകൂടിയാണ്. ആത്മീയ സ്വാതന്ത്ര്യത്തിന്റെ ദിനം കൂടിയാണ്. ആത്മീയ സ്വാതന്ത്ര്യമുള്ള വ്യക്തികൾക്കുമാത്രമേ, ഭൗതിക സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പറഞ്ഞത്, രാഷ്ട്രസ്വാതന്ത്ര്യമെന്നത്, ആദ്ധ്യാത്മിക സ്വാതന്ത്ര്യത്തിന്റെ ഉപോല്പന്നമെന്ന്. ഈ ആദ്ധ്യാത്മിക സ്വാതന്ത്ര്യമനുഭവിച്ച വ്യക്തിയായിരുന്നു പരിശുദ്ധ മറിയം. ദൈവാത്മാവിനാൽ നിറഞ്ഞ്, സത്യവചനത്തെ ഗർഭംധരിച്ച് മറിയം തുടർന്നു കർമ്മനിരതയാവുകയാണ്. കുറവുകളിൽ നിറവ് നൽകി, അഭാവങ്ങളിൽ ഭാവം ചൊരിഞ്ഞ്, തപ്ത ഹൃദയർക്ക് സാന്ത്വനമായി, നിരാശർക്ക് പ്രത്യാശയായി, വേദനയിൽ ശക്തമായ സാന്നിദ്ധ്യമായി, കരുതലുള്ള സ്നേഹമായി, എലിസബത്തിന്റെ അടുത്തും, നിറവിന്റെ മദ്ധ്യസ്ഥക്കാരിയായി കാനായിലെ കല്യാണവീട്ടിലും നിരാശ പൂണ്ട ശിഷ്യരൊത്ത് സാന്ത്വന സാന്നിദ്ധ്യമായി സെഹിയോൻ ശാലയിലും നമുക്ക് മറിയത്തെ കാണാം.

നന്മയെ തിരഞ്ഞെടുക്കാനും നന്മയുടെ ഭാഗത്ത് നിലയുറപ്പിക്കുന്നതുമാണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യം അതിന്റെ തനിമയിൽ ജീവിച്ചു കാണിച്ചവളാണ് പരിശുദ്ധ അമ്മ, മാനവരാശിയുടെ നന്മയ്ക്കുവേണ്ടി, ജീവന്റെ പൂർണ്ണതയ്ക്കുവേണ്ടി ദൈവം തയ്യാറാക്കിയ പദ്ധതിയോടു സഹകരിച്ചുകൊണ്ട്, ദൈവീക ജീവനുവേണ്ടി നിലകൊണ്ടു.

നമ്മുടെ കേരളത്തിലെ കാലവർഷകെടുതിയിൽ, പ്രളയത്തിൽ, ദുരിതമനുഭവിക്കുന്നവരെ, പരിശുദ്ധ അമ്മയ്ക്കു സമർപ്പിക്കാം. ജീവൻ നഷ്ടപ്പെട്ടവർ, പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവർ, വസ്തുവകകൾ നശിച്ചുപോയവർ, ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർ തുടങ്ങിയ ദുഃഖത്തിന്റേയും കണ്ണീരിന്റേയും ഭയത്തിന്റേയും രോഗത്തിന്റേയും മേഖലയിൽ കഴിയുന്നവരെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥതയിൽ ഈശോയ്ക്കു സമർപ്പിക്കാം.

അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ (യോഹന്നാൻ. 2:5)

സ്നേഹത്തോടെ,<br>
ഫാ. അലക്സ് വാച്ചാപറമ്പിൽ



# താളുകൾ മറിക്കുമ്പോൾ


**എഡിറ്റോറിയൽ** 4

**പ്രാർത്ഥിക്കുന്നവന്റെ ശക്തി** 5

– സ്നേഹ ജോസഫ്

**വിശ്വസിക്കാം ദൈവപദ്ധതിയിൽ** 6

– ലിസ്സി കെ ഫെർണാണ്ടസ്

**സപ്തവണക്കങ്ങൾ സ്വർഗ്ഗീയ ജറുസലേമിലെ നിക്ഷേപം** 8

– അമല പോൾ

**സഹനം അനുഗ്രഹമാകുന്നു** 10

– ജോബി ആലുംപറമ്പിൽ

**സ്വർല്ലോകരാജ്ഞി** 13

– സലാസ് എഫ്രേം

**വിവാഹ ഒരുക്ക സെമിനാർ 2018** 16

**നിന്റെ സഹോദരൻ എവിടെ?** 17

- ജോബ് ജോസഫ്

**അറിയിപ്പുകൾ**



**രക്ഷാധികാരി**
ഫാ. ലെന്നി കോന്നുള്ളി OFM Cap.

**ചീഫ് എഡിറ്റർ**
ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap.

**എഡിറ്റോറിയൽ ബോർഡ്**
ഷാജി ജോസഫ്
ബിരെൺ ഫിലിപ്പ്
ജൂഡ് ഷൈജു
ലൂക്കോസ് വി.ചെറിയാൻ
ജോസഫ് പുലിക്കോട്ടിൽ

**ഉപദേശക സമിതി**
വിമൽ ചാലിശ്ശേരി
ബോബി ആന്റണി

**ടൈപ്പിംഗ്**
ജയൻ ക്രിസ്തുദാസൻ
ജോസ് ഐക്കര

**ആർട്ടിസ്റ്റ്**
ലിന്റോ തോമസ്
ജോമോൻ ജോൺ
റിറ്റോ വെള്ളറ

**സർക്കുലേഷൻ**
റോയി തട്ടിൽ

*www.mccdubai.org*
*vagdanam.dubai@gmail.com*



# പ്രാർത്ഥിക്കുന്നവന്റെ ശക്തി

പ്രാർത്ഥിക്കുന്നവൻ ഒരു ശക്തി കേന്ദ്രമാണ്. അത്യുന്നതന്റെ ശക്തി അവന്റെ മേലുണ്ട്. എല്ലാ കഷ്ടതകളിൽ നിന്നും അവന്റെ പ്രാണനെ അവിടുന്നു കാത്തുരക്ഷിക്കുന്നു. നമ്മൾ കർത്താവിന്റെ മുൻപിൽ പ്രാർത്ഥിക്കുന്നത് ആത്മാർത്ഥതയോടെയാവണം, ആരുടേയൊക്കെ നിർബന്ധത്താലും മറ്റൊരെങ്കിലും കാണുന്നതിനോ വേണ്ടിയാകരുത്. നമ്മുടെ മനസ്സും ദൈവത്തിന്റെ മനസ്സും തമ്മിൽ ഒരു ആത്മബന്ധം ഉണ്ടായിരിക്കണം.



**സ്നേഹ ജോസഫ്**

നമ്മൾ ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥനയിൽ എന്തുചോദിച്ചാലും നമുക്ക് ചെയ്തു തരുന്ന ജീവനുള്ള ദൈവത്തെയാണ് നമ്മൾ ആരാധിക്കുന്നത്. അതിനാൽ പ്രാർഥിക്കുമ്പോൾ നമുക്ക് ആദ്യം വേണ്ടത് വിശ്വാസമാണ്. 'കർത്താവിനു കഴിയാത്തതു എന്തെങ്കിലും ഉണ്ടോ? (ഉൽപ്പത്തി. 18:14) നൂറാം വയസ്സിൽ അബ്രഹാത്തിനു മകനെ നൽകിയവൻ, മരിച്ച ലാസറിനെ ഉയർപ്പിച്ചവൻ, അന്ധനു കാഴ്ചയും കുഷ്ടരോഗിയെ സുഖപ്പെടുത്തുകയും ചെയ്തവൻ, ഇന്നു നമ്മുടെ പ്രാർത്ഥനകൾക്കും ഉത്തരം നൽകും. യേശുക്രിസ്തു അന്നും ഇന്നും എന്നും ഒരാൾ തന്നെയാണ്.

അതിനപ്പുറം നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കേണ്ട ഉറച്ച ബോധ്യമുണ്ട്. എന്റെ ജീവിതത്തിൽ എന്തൊക്കെ സങ്കടങ്ങൾ വന്നാലും എന്റെ പിതാവ് എനിക്കു ദോഷമായി ഒന്നും തന്നെ ചെയ്യുകയില്ല, ഏതവസ്ഥയിലും കൂടെ നിന്നു താങ്ങുന്ന ദൈവമാണ് നമുക്കുള്ളത്. 'കർത്താവ് നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്ന് മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ വലത്തോട്ടോ, ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾക്കു പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും. ഇതാണ് വഴി, ഇതിലേ പോകുക (ഏശയ്യ. 30: 20-21) ദൈവത്തിന്റെ വചനം സത്യമാണ്, അത് മാറ്റുവാനോ തിരുത്തുവാനോ നമുക്കു കഴിയുകയില്ല. നമ്മൾ ദൈവത്തോട് സംസാരിക്കുന്നതാണ് പ്രാർത്ഥന. ദൈവം നമ്മോട് സംസാരിക്കുന്നത് വചനങ്ങളിലൂടെയാണ്. കുഞ്ഞുനാൾ മുതലേ നമ്മുടെ മക്കൾ ദൈവവചനം അറിഞ്ഞു വളരേണം. സാബത്തു ദിവസം മാത്രമായി ഒതുങ്ങരുത് ഒരു ക്രിസ്ത്യാനിയുടെ ജീവിതം.

അമ്മ ഗർഭാവസ്ഥയിൽ ഇരിക്കുമ്പോൾ തന്നെ, തന്റെ ഉദരത്തിലുള്ള കുഞ്ഞിനു ദൈവവചനം വായിച്ചുകേൾപ്പിക്കാം. വളർന്നു വരുമ്പോഴെ ദൈവത്തോടുള്ള ആത്മബന്ധം വളർത്തിയെടുക്കണം. ഏതു പ്രതിസന്ധി

*ശേഷം പേജ് - 15*



# വിശ്വസിക്കാം ദൈവപദ്ധതിയിൽ



**ലിസ്സി കെ ഫെർണാണ്ടസ്**

ജറമിയ 29:11-ൽ നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. പലപ്പോഴും നമുക്ക് മനസ്സിലാകാത്തതും ഉത്തരം കിട്ടാത്തതുമായ നിരവധി ചോദ്യങ്ങൾ ജീവിതത്തിൽ ഉയർന്നു വരുമ്പോൾ, ദൈവത്തെ വിശ്വസിക്കുന്ന നമ്മൾ, ബൈബിളിൽ വിശ്വാസം ഉള്ള നമ്മൾ, നോക്കേണ്ടത് ഇതിനു മുമ്പും ഇതേ അനുഭവത്തിലൂടെ കടന്നുപോയവർ ബൈബിളിലുണ്ടോ? സഭയിലുണ്ടോ? എന്നതാണ്. ദൈവപദ്ധതിക്ക് പൂർണ്ണമായി സമർപ്പിച്ച ജീവിതങ്ങളിൽ പ്രധാനപ്പെട്ട വ്യക്തിത്വമാണ് യാക്കോബിന്റെ സ്നേഹഭാജനമായ മകൻ ജോസഫ്. സ്വപ്നത്തിലൂടെ തന്നോടു സംസാരിച്ച ദൈവത്തെ പൂർണ്ണമായി വിശ്വസിച്ച വ്യക്തി, തന്റെ സ്വപ്നം സഹോദരങ്ങളോടു പറഞ്ഞു. അവർക്കത് സ്വീകരിക്കാൻ പറ്റിയില്ല. പാടത്തു എല്ലാവരും കറ്റകെട്ടുമ്പോൾ തന്റെ കറ്റ എഴുന്നേറ്റ് നിന്നു നിങ്ങളുടെ കറ്റകൾ ചുറ്റും വന്ന് എന്റെ കറ്റയെ താണുവണങ്ങി ഉൽപ്പത്തി 37:7 ൽ നാം വായിക്കുന്നു. വീണ്ടും ഉൽപ്പത്തി 37:9 ൽ സ്വപ്നം. സൂര്യനും ചന്ദ്രനും പതിനൊന്ന് നക്ഷത്രങ്ങളും തന്നെ താണുവണങ്ങുന്നു. രണ്ടാമത്തെ സ്വപ്നം ജയിൽ വാസസമയത്തെ കൂട്ടുതടവുകാർ കാണുന്നു. മൂന്നാമത്തെ രണ്ടെണ്ണം ഫറവോ രാജാവ് കാണുന്നു.

ജോസഫിന് മനസ്സിലായി ദൈവപദ്ധതി. എന്നാൽ അത് നടപ്പിലാകുന്നതുവരെ ജോസഫ് കടന്നു പോയവഴി ദുഃസ്സഹമാണ്. അപ്പന് തന്നോടാണ് കൂടുതൽ സ്നേഹം എന്ന് മനസ്സിലാക്കിയ സഹോദരർ തന്നെ പൊട്ടക്കിണറ്റിലേക്ക് തള്ളിയിട്ടു, അവിടെ തകരാതെ നിന്ന ജോസഫിന് അടിമത്വത്തിന്റെ ജീവിതം. വേലക്കാരന്റെ ജീവിതം, പാപം ചെയ്യാത്തതിന്റെ പേരിൽ ജയിൽ വാസം. ഈ സ്വപ്നങ്ങളുടെ പൊരുളിൽ, ദൈവപദ്ധതിയോട് ചേർന്ന് നിന്ന് വിശ്വസ്ഥത സ്ഥിരമാക്കി വിശ്വാസം ശക്തമാക്കിയ മനുഷ്യൻ.

വിശ്വസ്തത എന്നത് കുറച്ച് സമയത്തേക്കുള്ള തീരുമാനമല്ല, എന്നും നിലനിൽക്കുന്നതാണ്. അത് പ്രശ്നങ്ങളിൽ ചഞ്ചലപ്പെടുന്നതല്ല എന്ന് ജോസഫിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ജയിലിലായിരുന്നപ്പോൾ ജോസഫിലെ ദൈവീകത തിരിച്ചറിഞ്ഞ കൂട്ടുകാരനോട് ജോസഫ് പറയുന്നുണ്ട്. നിനക്ക് നല്ല ഒരു കാലം വരുമ്പോൾ എന്നെ ഓർക്കണേ എന്ന്. എന്നാൽ ജോസഫ് ജയിലിൽ ഉണ്ടെന്ന കാര്യം ആ മനുഷ്യൻ ഓർക്കുന്നത് രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കാൻ ആളില്ലാതെ വന്നപ്പോഴും, അതിലും ദൈവീക പദ്ധതി


കാണുന്നു. ജയിലിൽനിന്ന് ഇറങ്ങിയ ഉടനെ ഈ സുഹൃത്ത് രാജാവിനോട് ജോസഫിനെപറ്റി പറഞ്ഞ് ജയിൽ മോചിതനായി ജോസഫ് മാറിയാൽ തുടർന്ന് ഇക്കാര്യങ്ങൾ ഇങ്ങനെയാകുമായിരുന്നില്ല. ഒരു പക്ഷേ അപ്പനെ അന്വേഷിച്ച് തിരിച്ചുപോകാം. അല്ലെങ്കിൽ എവിടെയെങ്കിലും മാറിപ്പോകാം. ദൈവത്തിന്റെ പദ്ധതിയുടെ നടത്തിപ്പിനായി ദൈവം മറവി നൽകി. ഈജിപ്തിന്റെ ഗവർണർപദവി വരെ ഉയർത്തുവാൻ, തന്റെ അപ്പനും സഹോദരങ്ങൾക്കും അഭയം നൽകുവാൻ, ദൈവം എന്നെ അയച്ചുവെന്ന് തന്റെ മുൻപിൽ ലജ്ജിച്ച് നിസ്സഹായരായി നില്ക്കുന്നവരോട് പറയുവാൻ ജോസഫിന് കഴിഞ്ഞു.

നമ്മിൽനിന്ന് ജോസഫിനുള്ള വ്യത്യാസം നമുക്ക് വിചിന്തനം ചെയ്യാം. ഒന്ന്, ഇത്രയേറെ ദൂരം, സമയം, കാലം ദൈവ പദ്ധതിക്കായ് നാം കാത്തിരിക്കില്ല. ഏഴ് ശനിയാഴ്ച നേർച്ച നേർന്ന് പലതും ചെയ്യുന്നു. എട്ടാമത്തെ ശനിയാഴ്ച പ്രാർത്ഥിച്ചതിന്റെ ഉത്തരം കിട്ടിയില്ലെങ്കിൽ അടുത്ത സ്ഥലത്ത് ചെല്ലുന്നു. അടിമയാക്കാനും, ജയിലിൽ കിടക്കാനും അവസരം ഉണ്ടാക്കിയവരെ എല്ലാം ശപിക്കാമായിരുന്നു. പാപം ചെയ്യാമായിരുന്നു. ദൈവത്തെ മുമ്പിൽ കണ്ട ജീവിതമായിരുന്നതിനാൽ പാപം ചെയ്യുവാൻ കഴിയാതെ ജയിലിൽ കിടന്നു. ഇനി ഇതെല്ലാം കഴിഞ്ഞ് ഉന്നതസ്ഥാനത്ത് എത്തിയപ്പോൾ എല്ലാവരേയും പുച്ഛിക്കാമായിരുന്നു, അവഹേളിക്കാമായിരുന്നു, കളിയാക്കാമായിരുന്നു, അധികാരം കാണിക്കാമായിരുന്നു.

പക്ഷെ ജോസഫ് പറഞ്ഞു. 'ഇതെല്ലാം ദൈവപദ്ധതിയാണ്.' സഹനങ്ങും രോഗങ്ങളും ചില തകർച്ചകളും ചില ഉത്തരം കിട്ടാത്ത പ്രാർത്ഥനകളാവുന്ന പൊട്ടക്കിണറുകളും, ജയിലും അടിമത്വവും ഒക്കെ വരുമ്പോൾ ദൈവം തരുവാനിരിക്കുന്നു ഒരു ഗവർണർ സ്ഥാനം – അത് ഇഹലോകത്തിലോ നിത്യവാസത്തിലോ ആകാം എന്ന് ഉറച്ച് വിശ്വസിക്കാൻ നമുക്ക് കഴിയണം.

## വിശ്വാസം കത്തോലിക്ക വീക്ഷണത്തിൽ

CCC-142 'അദൃശ്യനായ ദൈവം വെളിപാടിലൂടെ തന്റെ സ്നേഹത്തിന്റെ തികവിൽ നിന്നു മനുഷ്യരോടു സ്വമിത്രങ്ങളോടെന്നപോലെ സംഭാഷിക്കുന്നു; തന്റെ സൗഹൃദവലയത്തിലേക്ക് അവരെ ക്ഷണിക്കേണ്ടതിനും സ്വീകരിക്കേണ്ടതിനുമായി അവിടുന്ന് അവർക്കിടയിൽ ചരിക്കുന്നു''. ഈ ക്ഷണത്തിനു മനുഷ്യർ നൽകുന്ന സമുചിതപ്രത്യുത്തരമാണു വിശ്വാസം.





# സപ്തവണക്കങ്ങൾ

## സ്വർഗ്ഗീയ ജറുസലേമിലെ നിക്ഷേപം



അമല പോൾ

ഉൽപ്പത്തി മുതൽ വെളിപാട് വരെ വിശുദ്ധ ഗ്രന്ഥത്തിൽ പലയിടങ്ങളിലായി തെളിഞ്ഞു നിൽക്കുന്ന ഒരു സംഖ്യയാണ് ഏഴ്. ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. (ഉൽപ്പത്തി. 2:2) വലത്തുകയ്യിൽ ഏഴു നക്ഷത്രങ്ങൾ വഹിച്ചുകൊണ്ട് ഏഴു സ്വർണ്ണദീപ പീഠങ്ങൾക്കു മദ്ധ്യേ നടക്കുന്നവൻ (വെളിപാട് 2:1) വീണ്ടും തിരുവചനത്തിൽ നാം വായിക്കുന്നു, കുരിശിൽ പീഡയനുഭവിക്കുന്ന യേശുവിന്റെ അവസാനത്തെ ഏഴു തിരുവാക്യങ്ങൾ. ഏഴു കൂദാശകളിലൂടെ പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങൾ തിരുസഭ തന്റെ മക്കളിലേക്ക് അനുദിനം വർഷിച്ചുകൊണ്ടിരിക്കുന്നു.

നിത്യരക്ഷയെ ലക്ഷ്യമാക്കിയുള്ള നമ്മുടെ പ്രയാണത്തിൽ, ആത്മീയ നിക്ഷേപമായി കരുതിവെക്കാൻ നമ്മെ സഹായിക്കുന്ന ഏഴു വണക്കങ്ങളെക്കുറിച്ച് ഈ അവസരത്തിൽ നമുക്ക് വിചിന്തനം ചെയ്യാം. പ്രാർത്ഥനയും ജീവിത വീക്ഷണവും വഴി, മിശിഹായുടെ രക്ഷാകര രഹസ്യങ്ങളെ ധ്യാനിച്ച്, പ്രലോഭനങ്ങളെ അതിജീവിച്ച് ഉയിർപ്പിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള നമ്മുടെ സ്വർഗ്ഗീയയാത്രയിൽ വലിയ മുതൽകൂട്ടായി മാറട്ടെ ഈ ഏഴു വണക്കങ്ങൾ.

**1. പരിശുദ്ധ കുർബാനയോടുള്ള ഭക്തി**

ക്രിസ്തുവിന്റെ ബലിയും കുർബാനയാകുന്ന ബലിയും ഒരേഒരു ബലിയാണ്, ബലിവസ്തു ഒന്നുതന്നെയാണ്. (CCC1367) തിരുസഭയിലെ വിശുദ്ധരെല്ലാം വിശുദ്ധിയിലേക്ക് ഉയർത്തപ്പെടാൻ കാരണമായത് അനുദിന ദിവ്യകാരുണ്യ സ്വീകരണവും, കൂദാശകളോടുള്ള സ്നേഹവുമാണ്. വി.നോബർട്ട് പറയുന്നു. 'നമ്മിൽ വസിക്കുന്നതിനുവേണ്ടി ദൈവം ചെയ്തുകൊണ്ടിരിക്കുന്ന നിരവധി അത്ഭുതങ്ങളെ നമുക്ക് അവഗണിക്കാൻ കഴിയുമോ?' അമർത്ത്യതയു

ടെ ഔഷധമായ പരിശുദ്ധ കുർബാന നമ്മെ ക്കൊണ്ട് സ്വീകരിപ്പിക്കാതിരിക്കാൻ സാത്താൻ എല്ലാ തന്ത്രങ്ങളും പ്രയോഗിക്കും.' പ്രലോഭ നങ്ങളെ അതിജീവിച്ച് അനുദിനബലിയർപ്പ ണം ജീവിതത്തിന്റെ ഒരു ഭാഗമാക്കിമാറ്റാൻ നമുക്ക് ശ്രമിക്കാം.

**2. യേശുവിന്റെ തിരുരക്തത്തോടുള്ള വണക്കം.**

പാപബന്ധങ്ങൾക്കെതിരെ, പൈശാചിക ശ ക്തികൾക്കെതിരെ, ദൈവം അനുവദിച്ചു ത ന്നിട്ടുള്ള ഏറ്റവും വലിയ ആയുധമാണ് യേ ശുവിന്റെ നിഷ്കളങ്കമായ തിരുരക്തം. 'പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു. (റോമ. 5:20) പാപത്തിന്റെ അടിമത്വത്തിൽനി ന്നും, പിശാചിന്റെ നശീകരണ ശക്തിയിൽ നിന്നും നമ്മെ രക്ഷിക്കാനായി യേശുവിന്റെ പരിശുദ്ധ രക്തത്തോടുള്ള ഭക്തി വളർത്തു കയും പ്രചരിപ്പിക്കുകയും ചെയ്യാൻ ഈ കാ ലയളവിൽ നാം തീഷ്ണത കാണിക്കണം. നൈജീരിയയിലെ 'എനുഗു' എന്ന സംസ്ഥാ നത്തുള്ള Barnabas Nowye എന്ന യുവാവിന് 1995 ൽ യേശു കൊടുത്ത ദർശനത്തിൽ 'തി രുരക്തഭക്തി' പ്രചരിപ്പിക്കാൻ ആവശ്യപ്പെടു കയുണ്ടായി. ആത്മീയ പോരാട്ടത്തിൽ കരു ത്തുറ്റവരാകാൻ ഈശോയുടെ തിരുരക്ത ത്തോടുള്ള ഭക്തി നമ്മെ സഹായിക്കും.

**3. തിരുവചനത്തോടുള്ള ഭക്തി**

അവൻ പറഞ്ഞു. ദൈവവചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ (ലൂക്ക. 2:19) വിശുദ്ധിയിലേക്കുള്ള ആദ്യത്തെ വഴി ദൈവ വചനത്തെ, ജീവിതത്തിന്റെ ഭാഗ മാക്കുക എന്നതാണ്. ദൈവവചനം ഒരു രഹ സ്യ ആയുധമായി എല്ലാ സാഹചര്യങ്ങളിലും ഉപയോഗിക്കാൻതക്ക രീതിയിൽ ഹൃദയ ത്തിൽ നമുക്ക് സൂക്ഷിക്കാം. എല്ലാ തിന്മക ളുടെ ആക്രമണങ്ങളെയും ഞൊടിയിടയിൽ നിർവീര്യമാക്കാൻ ദൈവചനം നമ്മെ സഹാ യിക്കും. അങ്ങേയ്ക്കെതിരായി പാപം ചെയ്യാ തിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു. (സങ്കീ. 119:11) തിരുവചനത്തെ ഹൃദയത്തിനുള്ളിൽ നല്ല രീതിയിൽ പാകപ്പെടുത്തി മറ്റുള്ളവർക്ക് പങ്കുവെച്ചുകൊടുക്കാൻ നമുക്ക് തീഷ്ണത കാണിക്കാം.

**4. പരിശുദ്ധ അമ്മയോടുള്ള ഭക്തി**

പരിശുദ്ധ അമ്മയോടുള്ള ഭക്തി നമ്മുടെ സ്വർഗ്ഗീയ യാത്രയിലെ വലിയ മുതൽകൂട്ടാ ണെന്ന് നാം വിസ്മരിക്കരുത്. 13-ാം നൂറ്റാ ണ്ടിൽ തിരുസഭ അതിഭയങ്കരമായ പീഢന ത്തിനു വിധേയമായപ്പോൾ സെന്റ്. ഡൊമി നിക്കിന് പരിശുദ്ധ അമ്മ സമ്മാനിച്ച ജപമാ ല ഇന്ന് നമ്മുടെ ഏറ്റവും ശക്തമായ ആയു ധമായി മാറി. നമ്മുടെ നിത്യരക്ഷക്കാവശ്യമാ യ ദാനങ്ങൾ, തന്റെ വിവിധ തരത്തിലുള്ള മാ ദ്ധ്യസ്ഥം വഴി മക്കളായ നമുക്ക് പരിശുദ്ധ അ മ്മ നൽകികൊണ്ടിരിക്കുന്നു. (CCC 969) ദൈ വം മനുഷ്യരക്ഷക്കായി ഗബ്രിയേൽ മാലാഖ യിലൂടെ അറിയിച്ച മംഗളവാർത്ത ഓർക്കുക യും ധ്യാനിക്കുകയും ചെയ്യുന്നു. കർത്താവി ന്റെ മാലാഖ എന്ന ജപവും ദിവസത്തിൽ പ ല പ്രാവശ്യം ചെല്ലുന്നത്, ദൈവപിതാവിന്റെ തീരുമാനങ്ങൾ നമ്മുടെ ജീവിതത്തിൽ അനു വർത്തിക്കപ്പെടാൻ നമ്മെ സഹായിക്കും. പ രിശുദ്ധ അമ്മയോടു ചെയ്യപ്പെടുന്ന നിന്ദാപ മാനങ്ങൾക്ക് പരിഹാരമായി നമ്മുടെ അമ്മ യെ നമുക്ക് ഒത്തിരി സ്നേഹിക്കുകയും, അ മ്മയോടുള്ള ഭക്തിയിൽ വളരുകയും ചെയ്യാം.

**5. ഈശോയുടെ തിരുമുഖത്തോടുള്ള വ ണക്കം.**

വെറോനിക്കയുടെ തൂവാലയിൽ അത്ഭുതക രമായി പതിഞ്ഞ ഈശോയുടെ തിരുമുഖഛാ യ, ഈശോ അവളിൽനിന്ന് സ്വീകരിച്ച ആ ശ്വാസത്തിന്റെ പ്രതീകമാണ്. ഇറ്റലിയിലെ റ്റ്യൂ റിൻ എന്ന സ്ഥലത്തെ ബസ്ലിക്കയിൽ സൂക്ഷി ച്ചിരിക്കുന്ന രണ്ടായിരത്തോളം വർഷം പഴക്ക മുള്ള തിരുശ്ശീലയിൽ യേശുവിന്റെ തിരുശരീ രഛായ പതിഞ്ഞിരിക്കുന്നു. അപ്പസ്തോലനാ യ യൂദാസ്ലീഹാ ഈശോയുടെ തിരുമുഖ ത്തോട് അതീവ ഭക്തി പ്രകടിപ്പിച്ചിരുന്നതാ

*ശേഷം പേജ് - 12*

# സഹനം

## അനുഗ്രഹമാകുന്നു



ജോബി ആലുംപറമ്പിൽ

നമ്മുടെ സഹനങ്ങളിൽ ദൈവം കൂടെയുണ്ട് എന്ന് തിരിച്ചറിയുവാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല. അതിനു മുമ്പ് നിങ്ങൾ തളർന്നു പോയിട്ടില്ലേ... വേദനയുടെ ഓളങ്ങളിൽ നൊമ്പരത്തിന്റെ തീച്ചൂളയിൽ സഹനത്തിന്റെ താഴ്‌വരയിൽ പലപ്പോഴും കാലിടറിയിട്ടില്ലേ... പിടിച്ചുനിൽക്കാൻ പെടാപാടുപെട്ടില്ലേ... നമ്മുടെ പ്രാർത്ഥന പലപ്പോഴും ദൈവം കേൾക്കുന്നില്ല എന്നു തോന്നിയിട്ടില്ലേ... ജീവിതം മതിയാക്കാം എന്നു തോന്നിയിട്ടില്ലേ.... ജീവിത ഭാരത്താൽ തകർന്നു പോയിട്ടില്ലേ... എന്നാൽ വചനം പറയുന്നു... നിന്റെ ഭാരമെല്ലാം കർത്താവിനെ ഏല്പ്പിക്കുക. അവിടുന്നു നിന്നെ താങ്ങികൊള്ളും. നീതിമാൻ കുലുങ്ങുവാൻ കർത്താവു സമ്മതിക്കുകയില്ല. (സങ്കീ. 55:22)

ഈ ജീവിതയാത്രയിൽ മറ്റുള്ളവരാൽ നിങ്ങൾ വിമർശിക്കപ്പെട്ടപ്പോൾ, പരിഹസിക്കപ്പെട്ടപ്പോൾ, നിങ്ങളുടെ നിസഹായാവസ്ഥയിൽ ആരുമില്ലാ എന്നു തോന്നിയപ്പോൾ... അന്യരാൽ തെറ്റിദ്ധരിക്കപ്പെട്ടപ്പോൾ... നൊന്തു നീറിയോ നിൻമനം. വചനം പറയുന്നു. ഹൃദയം നുറുങ്ങിയവർക്കു കർത്താവു സമീപസ്ഥനാണ്. (സങ്കീ. 34:18)

നിറകണ്ണുകളോടെയാണു ഞാൻ ഈ ലേഖനം എഴുതുന്നത്. യേശു ജീവിച്ചിരിക്കുന്നു എന്നു ഞാൻ പറയുന്നത് പുസ്തകങ്ങളിൽ നിന്നും വായിച്ചിട്ടല്ല... ഏതെങ്കിലും ബുക്ക് എഴുതിയിട്ടുമില്ല. എന്റെ സഹനങ്ങളിൽ എന്റെ യേശുവിനെ അനുഭിച്ചവനാണ് ഞാൻ. എന്റെ സഹനം യേശു എനിക്ക് അനുഗ്രഹമാക്കിമാറ്റി നിങ്ങൾ അന്യായമായി പീഢിപ്പിക്കപ്പെടുമ്പോൾ ദൈവചിന്തയോടെ വേദനകളെ ക്ഷമാപൂർവ്വം സഹിച്ചാൽ അതു അനുഗ്രഹകാരണമാകും. (1 പത്രോ. 2:19)

ഇന്നേക്ക് ഏഴു മാസങ്ങൾക്കുമുമ്പ് ദുബായിലെ കടലിൽ എന്റെ ജീവിതം അവസാനിപ്പിക്കാൻ ഞാൻ ശ്രമിച്ചതാണ്. പകലിന്റെ വെളിച്ചത്തിലും രാത്രിയുടെ ഇരുളിലും ഞാൻ പലപ്രാവശ്യം അതിനു ശ്രമിച്ചു. എന്നാൽ എന്നെ ഒരു ശക്തി പിന്നാക്കം പിടിച്ചു മാറ്റി. യേശുവായിരുന്നു ആ ശക്തി. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്കു അവിടുന്നു സകലവും നന്മക്കായി പരിണമിപ്പിക്കുന്നു. (റോമ. 8:28)

ജീവിത പ്രാരാബ്ധങ്ങളാൽ ദുബായിൽ ജോലി തേടിവന്ന ഞാൻ, എന്റെ കാരണത്താലല്ലാതെ എനിക്ക് ജോലി നഷ്ടപ്പെട്ടു. എന്റെ റൂമിൽ ഞാൻ മോഷ്ടാവായി, എന്നെ കള്ളാ കള്ളാ എന്നു വിളിക്കുകയും വിലങ്ങുവെച്ച് ദുബായിലെ തെരുവിൽ കൂടി നടത്തുകയും ചെയ്യും എന്നു പറഞ്ഞവർ.. ഒരു ഭ്രാന്തനെ

പ്പോലെ ദുബായിലെ തെരുവിൽ കൂടി ഞാൻ നടന്നിട്ടുണ്ട്. വിശന്നു കരഞ്ഞിട്ടുണ്ട്. ദിവസത്തോളം പട്ടിണികിടന്നിട്ടുണ്ട്. നാണംകെട്ടു ഞാൻ തല താഴ്ത്തിയിട്ടുണ്ട്. രാത്രിയിൽ കിടക്കയിൽ ഒന്നുറക്കെകരയാൻ പോലും കഴിയാതെ തലയിണയിൽ മുഖമമർത്തി ഞാൻ തേങ്ങിയിട്ടുണ്ട്. 'നിന്റെ കണ്ണുനീർ ഞാൻ കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്. നിന്റെ കഷ്ടപ്പാടുകൾ ഞാൻ എണ്ണിയിട്ടുണ്ട്. (സങ്കീ. 56:8) തമ്പുരാന്റെ തിരുവചനം എന്നെ സ്പർശിച്ചു.

ദുബായിലെ സെന്റ് മേരിസ് ചർച്ചും, മാതാവിന്റെ ഗ്രോട്ടോയും നിങ്ങളിൽ പലർക്കും നിങ്ങളുടെ പ്രാർത്ഥനയാൽ ജോലിയും ഉയർന്ന ശമ്പളവും രോഗങ്ങൾക്കും ആശ്വാസവും ഒക്കെ തന്നതാകാം. എന്നാൽ എനിക്ക് ജീവൻ തിരികെ തന്ന ഇടമാണ്. ഇങ്ങോട്ടു വരുമ്പോൾ എന്റെ കുടുംബത്തിലേക്കു പോകുന്നതുപോലെയാണ് എനിക്ക്. കാരണം എന്റെ കണ്ണുനിർ ഒരുപാടു വീണതാണ് ഇവിടെ. ക്രൂശിതന്റെ രൂപത്തിൽ നോക്കി ഞാൻ മണിക്കൂറുകൾ പ്രാർത്ഥിച്ചു. മാതാവിന്റെ ഗ്രോട്ടോയിൽ അമ്മയോടു ഞാൻ എല്ലാം പറഞ്ഞു. ഞാൻ എന്റെ ഹൃദയം കൊടുത്തു. കിട്ടിയതോ, എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്നു എനിക്കു ഉത്തരമരുളി.

എന്നെ മുഴുവനായി കർത്താവിന് കൊടുത്തപ്പോൾ, എന്റെ തെറ്റുകൾ ഞാൻ ക്രൂശിതനോടു എറ്റുപറഞ്ഞപ്പോൾ എന്റെ പാപം ഞാൻ ഉപേക്ഷിച്ചപ്പോൾ... ദൈവത്തിന്റെ കൈയ്യൊപ്പു ചാർത്തിയ അനുഭവം എനിക്കുണ്ടായി. കള്ളനായ ഞാൻ നല്ലവനായി... പട്ടിണികിടന്ന ഞാൻ ഇന്നു സമൃദ്ധിയിൽ ആഹാരം കഴിക്കുന്നവനായി... ജോലി ഇല്ലാതെ അലഞ്ഞ എനിക്ക് ഇന്ന് ജോലിയായി. വീട് ജപ്തിഭീഷണിയിൽ നിന്നു മാറിപ്പോയി... കോടതി കേസുകൾ ഇല്ലാതായി... പോലീസ് സ്റ്റേഷനിൽ കയറി ഇറങ്ങുന്നത് അവസാനിച്ചു. ഫീസ് കൊടുക്കാതെ മോളുടെ ഹാൾടിക്കറ്റ് തടഞ്ഞു വച്ചത് വിട്ടുകിട്ടി.

പ്രിയപ്പെട്ട സഹോദരാ സഹോദരീ... നീ ഇന്നു ഒരു ചടങ്ങിനു വേണ്ടിയാണോ പ്രാർത്ഥിക്കുന്നത്... നീ ഒരു മൂടുപടത്തോടെയാണോ പ്രാർത്ഥിക്കുന്നത്. മറ്റുള്ളവരുടെ മുൻപിൽ ഞാൻ എന്തോ ആണ് എന്നു കാട്ടുവാനാണോ നീ ദേവാലയത്തിൽ പോകുന്നത്. കൂദാശ നിനക്കൊരു ചടങ്ങുമാത്രമാണോ. നീ മറ്റുള്ളവരെയും ജീവിത പങ്കാളിയേയും വിമർശിച്ചു തളർത്തുന്നവനാണോ നീ അപരന്റെ വേദനയിൽ സന്തോഷിക്കുന്നവനാണോ.. സഹോദരങ്ങളുടെ... സഹജീവികളുടെ. പതനത്തിൽ തകർച്ചയിൽ നീ ഉള്ളിൽ ചിരിക്കുന്നവനാണോ വെറുപ്പും വിദ്വേഷവും നീ ഉള്ളിൽ കൊണ്ടുനടക്കുന്ന വ്യക്തിയാണോ നീ അന്യദേവന്മാരെ ആരാധിക്കുന്നവനാണോ. വ്യഭിചാരമെന്ന ദുർഭൂതത്തിന്റെ പിടിയിലാണോ

മേൽവിവരിച്ച ഏതെങ്കിലും വിഭാഗത്തിൽപെട്ടയാളാണു നീ എങ്കിൽ ദൈവത്തിനു പ്രവർത്തിക്കാൻ നീ അവസരം കൊടുക്കുന്നില്ല. ദൈവം പാപിയുടെ പ്രാർത്ഥന കേൾക്കുന്നില്ല. (യോഹ. 9:31)

എന്നാൽ അനുഗ്രഹം പ്രഘോഷിക്കുവാൻ നീ തയ്യാറാണോ... എങ്കിൽ വരൂ... വചനത്തിൽ വിശ്വസിക്കൂ. യേശുവിനെ ഹൃദയത്തിൽ കൊണ്ടു നടക്കൂ... പരിശുദ്ധാത്മാവിനുവേണ്ടി കരഞ്ഞുപ്രാർത്ഥിക്കൂ... മേൽ വിവരിച്ച എല്ലാ തിന്മയിൽ നിന്നും പുറത്തുവരൂ. ദൈവം നിന്നെ കാത്തുനിൽക്കുന്നു. അകലത്തല്ല.... നിന്റെ ചാരെ... നീ ഭാരം മനസ്സിൽ സൂക്ഷിക്കരുത്. ഭയം നിന്നെ കീഴ്പ്പെടുത്തരുത്. മറ്റുള്ളവരുടെ സൽപേരിനു കളങ്കം വരുത്തരുത്. വിദ്വേഷം ദൂരെയെറിയുക. ക്ഷമിച്ചു പ്രാർത്ഥിക്കുക. നിന്നെ അടിക്കുന്നവനെ അനുഗ്രഹിക്കുക. ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ ശക്തൻ അടിനിന്നു വാങ്ങിച്ചില്ലേ... നിന്റെ പഴയ ജീവിതം മാറ്റുക... വചനം പറയുന്നു. നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നും രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ (എഫേ. 6:22)

വരൂ... ഈ യുദ്ധത്തിൽ നമുക്ക് കൈകോർക്കാം. ഇനിയും നീ യേശുവിന്റെ ശരീരത്തിലേക്ക് ആണിയടിക്കരുത്. പാപമാകുന്ന ആണി സാത്താന്റെ ശരീരത്തിൽ നമുക്ക് അടിക്കാം. തിന്മയുടെ സകല മേഖലകളെയും ന

മുക്ക് പിഴുതെറിയാം. നമ്മുടെ എല്ലാ തഴക്ക ദോഷങ്ങളെയും സാത്താനു കൊടുക്കാം. അവൻ ആഹ്ലാദിക്കട്ടെ...

പിന്നെയോ നമ്മെ നമുക്കു പൂർണ്ണമായും ഈശോയ്ക്കു കൊടുക്കാം. ഇന്നുമുതൽ ഒരു പുതിയ മനുഷ്യനാകാം. കർത്താവിൽ ആനന്ദിക്കാം. പാപാവസ്ഥയോടു വിടപറയാം. ദൈവം നിന്റെ ജീവിതത്തിൽ ഇടപെടും. പ്രിയ പൈതലേ നീ ഏതവസ്ഥയിലും ഉള്ളവനായിക്കൊള്ളട്ടെ, ദൈവം ഇന്നു നിന്നെ തൊടും. യേശുവിനു നിന്നെകൊണ്ടാവശ്യമുണ്ട്. സമ്പത്തിന്റെ പിന്നാലേ... പ്രശസ്തിയുടെ പിന്നാലെ... നമുക്ക് പോകേണ്ടാ.... നാം ദൈവത്തിന്റെ മക്കളാണ്.... ക്രിസ്തുവിന്റെ അനുയായി... ക്രിസ്ത്യാനി.

ഇഹത്തിലെ ധനം സുഖം
യശസുമാഭിജാത്യവും
വഹിച്ചുകൊണ്ടു പോകയില്ല
മർത്യനന്ത്യയാത്രയിൽ

ലോകം കാണട്ടെ നമ്മളെ മറ്റുള്ളവർ ശ്രദ്ധിക്കട്ടെ നമ്മളെ. ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകാം.

---

*9-ാംപേജ് തുടർച്ച*

യി ചരിത്രത്തിൽ നാം കാണുന്നു. തിരുമുഖ ഭക്തയായ Sr. Maria Pierina യോട് ഈശോ പറയുന്നത് ഇപ്രകാരമാണ്. 'എന്റെ മുഖത്തെ നോക്കി പ്രാർത്ഥിക്കുന്ന മക്കൾ അതിനാൽ തന്നെ എന്നെ ആശ്വസിപ്പിക്കുന്നു. നമുക്കു വേണ്ടി വിരൂപമാക്കിയ ഈശോയുടെ തിരുമുഖത്തെ ധ്യാനിച്ച് പ്രാർത്ഥിക്കുവാനും ആത്മാക്കളുടെ രക്ഷക്കായി കാഴ്ചവെക്കാനും ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

**6. ദൈവകാരുണ്യ ഭക്തി.**

കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. 1931 മുതൽ 1938 വരെ ഈശോയിൽ നിന്ന് സന്ദേശങ്ങൾ സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച പോളണ്ടിലെ സെന്റ് ഫൗസ്റ്റീനയിലൂടെയാണ് ദൈവകാരുണ്യ ഭക്തി ലോകത്തിനു വെളിപ്പെടുത്താൻ ദൈവം തിരുമനസ്സായത്. ഇറ്റലിയുടെ പുറത്തുനിന്നുള്ള ആദ്യത്തെ മാർപ്പാപ്പയായി പോളണ്ടിൽനിന്നും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തിരഞ്ഞെടുക്കപ്പെട്ടതും, ദൈവകാരുണ്യഭക്തി പ്രചരിപ്പിക്കൽ നിയോഗിക്കപ്പെട്ടതും ശ്രദ്ധാർഹമാണ്. മാനസാന്തരം ആവശ്യമുള്ള പാപികളെ കർത്താവിന്റെ കാരുണ്യത്തിലേക്കു കൂട്ടികൊണ്ടു വരുവാൻ ദൈവം നമ്മെ മാടിവിളിക്കുന്നു. ഏറ്റവും വലിയ പാപിക്കാണ് കർത്താവിന്റെ കാരുണ്യത്തിൽ ശരണപ്പെടുന്നതിനുള്ള ഏറ്റവും വലിയ അവകാശം എന്ന് യേശു തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്.

**7. തിരുസഭയോടുള്ള വണക്കം.**

ഈശോയുടെ മൗതിക ശരീരമായ തിരുസഭയോടുള്ള ആദരവും വണക്കവും നിത്യജീവൻ ലക്ഷ്യമാക്കിയുള്ള യാത്രയിൽ നമ്മെ ഒത്തിരിയേറെ സഹായിക്കും. സമരസഭയും സഹനസഭയും, വിജയസഭയും കൈകോർത്തു പിടിച്ച് സഭാനേതൃത്വത്തോട് വിധേയപ്പെട്ട് നമുക്ക് മുന്നേറാം. കൂദാശകളിലൂടെയും പരിഹാര പ്രവർത്തികളിലൂടേയും സഹനസഭയിലായിരിക്കുന്ന ശുദ്ധീകരണ ആത്മാക്കളുടെ മോചനത്തിനായി നിരന്തരം പ്രാർത്ഥിക്കുവാൻ സഭാ മക്കളായ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിജയസഭയിലെ സ്വർഗ്ഗനിവാസികളോട് ചേർന്നാണ് നാം പ്രാർത്ഥിക്കേണ്ടത് എന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. പുണ്യവാന്മാരുടെ മാദ്ധ്യസ്ഥം സ്വർഗ്ഗത്തിൽ ക്രിസ്തുവിനോട് കൂടുതൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് സഭയെ മുഴുവനും കൂടുതൽ ദൃഢമായി വിശുദ്ധിയിൽ ഉറപ്പിക്കുന്നു. (CCC 956) സമരസഭയിലായിരിക്കുന്ന നാം തിരുസഭയിൽ നിന്ന് അനുഗ്രഹമായി ലഭിക്കുന്ന ദണ്ഡവിമോചനങ്ങൾ സ്വീകരിച്ച് ആത്മാക്കളെ സഹനത്തിന്റെ തീച്ചൂളയിൽ നിന്ന് രക്ഷപ്പെടുത്തുമ്പോൾ തേടുന്നത് നമ്മുടെതന്നെ ആത്മീയരക്ഷയാണെന്ന് നമുക്ക് ഓർമ്മിക്കാം.





സലാസ് എഫ്രേം

# സ്വർല്ലോകരാജ്ഞി

പരിശുദ്ധ അമ്മ നമ്മുടെ അമ്മയാണ്. സഭയുടെ അമ്മ. ഈശോ എനിക്കുവേണ്ടി തന്ന അമ്മ (യോഹ. 19:27) ഏതൊരമ്മയ്ക്കാണ് തന്റെ മക്കൾ സങ്കടപ്പെടുന്നതു കാണാൻ ഇഷ്ടമുള്ളത്. ഭൂമിയിലുള്ള ഒരമ്മയ്ക്കും തന്റെ കുഞ്ഞ് സങ്കടപ്പെടുന്നതു ഇഷ്ടമില്ലെങ്കിൽ സ്വർഗ്ഗത്തിലെ അമ്മയായ പരി. അമ്മയ്ക്ക് അതൊട്ടും ഇഷ്ടമാകാൻ വഴിയില്ല. എന്റെ ഓരോ ജീവിത സാഹചര്യത്തിലും പുത്രന്റെ ഇടപെടലുണ്ടാകാൻ മുട്ടിപ്പായി അപേക്ഷിക്കുന്ന സ്വർഗ്ഗത്തിന്റെ രാജ്ഞിയാണ് അവൾ.

സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം (വെളിപാട്. 12:1) സ്വർഗ്ഗം ഇത്രയേറെ ബഹുമാനിക്കുന്ന ആ അമ്മ ഭൂമിയിലുള്ള തന്റെ മക്കളുടെ ആവശ്യങ്ങൾക്ക് വേണ്ടി അപേക്ഷിക്കുമ്പോൾ സ്വർഗ്ഗത്തിന് അത് എങ്ങനെ നിരസിക്കാൻ കഴിയും.? സർവ്വശക്തനായവൻ ഈ അമ്മവഴി വലിയ കാര്യങ്ങൾ നമുക്കുവേണ്ടി ചെയ്യും (ലൂക്ക. 1:49)

ഒരിക്കൽ സി.എസ്.ടി.യുടെ ഭാഗമായി രൂപം കൊണ്ട് "Charis Band" എന്ന സംഗീത ബാന്റിന്റെ തിരഞ്ഞെടുപ്പിനായി ജബൽ അലി ചർച്ചിൽ ഒരു മത്സരം നടത്തുകയുണ്ടായി. ഏതാണ്ട് അമ്പതുപേരെ പ്രതീക്ഷിച്ച ഞങ്ങൾ നാൽപതുപേർക്കുള്ള ബിരിയാണിയാണ് ഓർഡർ ചെയ്തിരുന്നത്. പക്ഷെ മത്സരത്തിന്റെ ഭാഗമായി 120 പേർ എത്തിയിരുന്നു. കലവറയിൽ ഞാനും കോർഡിനേറ്ററുമാണുമുണ്ടായിരുന്നത്. ഞങ്ങൾ മുട്ടിപ്പായി മാതാവിനോട് മാധ്യസ്ഥം പ്രാർത്ഥിച്ചു. അത്ഭുതമെന്ന് പറയട്ടെ 40 പേരുടെ ഭക്ഷണം 120 പേർക്ക് സുഭിക്ഷമായി വിളമ്പാനുണ്ടായിരുന്നു. അത്ഭുതമല്ലാതെ ഇത് എന്താണ്? സി.എസ്.ടി.യുടെ വാർഷിക റിപ്പോർട്ട് സമർപ്പണത്തിൽ ഇത്

സാക്ഷ്യപ്പെടുത്തുകയുണ്ടായി. പരിശുദ്ധ അമ്മ അസാധ്യ കാര്യങ്ങൾ സാധ്യമാക്കുന്ന സ്വർഗ്ഗീയ ശക്തിയാണ്. 'വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് സംതൃപ്തമാക്കി.' (ലൂക്ക. 1:53)

പിന്നീട് ഒരിക്കൽ എന്റെ മുൻകമ്പനിയിൽ കൂടെ ജോലിചെയ്തിരുന്ന ഒരു സഹോദരി നാട്ടിലായിരുന്ന അവരുടെ രണ്ടു വയസ്സുള്ള കുഞ്ഞിനെ ദുബായിൽ കൊണ്ടുവരാൻ വേണ്ടി ഒന്നു പ്രാർത്ഥിക്കണമെന്ന് പറഞ്ഞിരുന്നു. ആ സഹോദരിയ്ക്കും ഭർത്താവിനും ഫാമിലി സ്റ്റാറ്റസ് ഉണ്ടായിരുന്നില്ല. ഒരു പുത്രൻ നഷ്ടപ്പെടുന്നതിന്റെ അല്ലെങ്കിൽ സമീപത്തില്ലാതിരുന്നതിന്റെ വേദന ഏറ്റവുമധികം അനുഭവിച്ച സ്ത്രീയാണ് പരിശുദ്ധ അമ്മ, ആ അമ്മയോട് സഹോദരിയുടെ വേദന പങ്കുവയ്ക്കുക എന്നു ഞാൻ പറഞ്ഞു. മൂന്നുമാസത്തിനു ശേഷം പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി തന്റെ കുഞ്ഞ് തന്നോടൊപ്പം ചേർക്കപ്പെട്ടതിന്റെ സന്തോഷം ആ സഹോദരി പങ്കുവയ്ക്കുകയുണ്ടായി. വി.ബർണ്ണാദ് പുണ്യവാൻ അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്തെക്കുറിച്ച് എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥനയിൽ നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

എന്റെ ജീവിതത്തിൽ ഒത്തിരി തിന്മകളിൽ നിന്നും അപകടത്തിൽനിന്നും പരിശുദ്ധ അമ്മയുടെ കൊന്ത കഴുത്തിൽ ധരിച്ചതു കൊണ്ടുമാത്രം രക്ഷിക്കപ്പെട്ടിട്ടുണ്ട്. കോളേജ് പഠനകാലത്ത് ഒരു സഹോദരൻ തിന്മയിലേക്ക് നയിക്കുന്ന സാഹചര്യത്തിൽ നിന്ന് ഒഴിഞ്ഞു പോയിട്ടുണ്ട്. ആ സഹോദരൻ ഇങ്ങനെയാണ് എന്നോട് പറഞ്ഞത്. നിന്റെ കഴുത്തിൽ കൊന്ത ഉള്ളതുകൊണ്ട് എനിക്ക് ഈ തിന്മ നിന്നോട് ചെയ്യാൻ സാധിക്കില്ല എന്നാണ്.

പിന്നീട് ഒരിക്കൽ പഠനകാലത്തുള്ള ഒരു ട്രെയിൻ യാത്രയിൽ ഇരുപത്തിനാല് മണിക്കൂർ ഭാരത് ബന്ദിൽ ഞങ്ങളുടെ ട്രെയിൻ അകപ്പെട്ടു. വെസ്റ്റ് ബംഗാളിലുള്ള ഒരു ഉൾനാടൻ ഗ്രാമപ്രദേശത്തുവച്ചാണ് ഞങ്ങൾക്ക് ഇത് നേരിടേണ്ടി വന്നത് വളരെ ഗ്രാമപ്രദേശമായ ആ സ്ഥലത്ത് വെള്ളവും ഭക്ഷണവും അന്വേഷിച്ചു നടന്ന ഞങ്ങൾ കുറച്ചുപേർ പിന്നീട് ട്രെയിനിൽ എത്തിയപ്പോൾ വളരെ ക്ഷീണിതരായിരുന്നു. ഞങ്ങളുടെ ബോഗിയിൽ പല ബർത്തുകളിലായി ഞങ്ങൾ കിടന്നു. ഞാൻ ഒരു ബർത്തിൽ കമിഴ്ന്നു കിടന്നതേ ഓർമ്മയുള്ളൂ. പിന്നീട് മണിക്കൂറികൾ കഴിഞ്ഞ് എഴുന്നേൽക്കുമ്പോൾ കൈയ്യിലുള്ള പഴ്സ് നഷ്ടപ്പെട്ടിരുന്നു. കൊന്തമാത്രം പോക്കറ്റിൽ നഷ്ടപ്പെടാതെ ഉണ്ടായിരുന്നു. അന്ന് എന്റെ സുഹൃത്തുക്കൾ പറഞ്ഞത്, ജീവൻവരെ അപടപ്പെടുത്താൻ മടിക്കാത്ത മോഷണ സംഘത്തിൽ നിന്നാണ് നമ്മൾ രക്ഷപ്പെട്ടത് എന്നാണ്. എനിക്ക് ഉറച്ച ബോധ്യമുണ്ട് പരിശുദ്ധ അമ്മയാണ് ഞങ്ങളെ അവിടെ രക്ഷിച്ചത് എന്ന്. ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് കൊന്ത ചൊല്ലാനും അത് കഴുത്തിൽ ധരിക്കാനും നമ്മൾ കൊടുക്കുന്ന ഓരോ പ്രേരണയും വരും കാലങ്ങളിൽ വലിയ അപകടങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുമെന്ന് നമ്മൾ മറന്നുപോകരുത്.

പരിശുദ്ധ അമ്മ സത്യവിശ്വാസത്തിന്റെ പാതയിലേക്ക് നമ്മെ നയിക്കും. കാരണം അമ്മ ബോധജ്ഞാനത്തിന്റെ സിംഹാസനമാണ്. ഏതാണ്ട് ഒന്നര വർഷത്തോളം ഞാനും ഒരു പെന്തകുസ്ത വിശ്വാസിയായ സഹോദരനും ഒരു റൂമിൽ ആയിരുന്നു താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രലോഭനങ്ങൾക്കൊന്നും ഇരയാകാതെ സത്യവിശ്വാസത്തിൽ നിലനിൽക്കാൻ എന്നെ സഹായിച്ചത് പരിശുദ്ധ അമ്മയുടെ പൊൻകരങ്ങളാണെന്ന് ഞാൻ ഇന്നും ഓർമ്മിക്കുന്നു. പിന്നീട് ജീവിതത്തിൽ കണ്ടുമുട്ടിയ പല പൊയ്മുഖങ്ങളുടേയും അവരുടെ അബദ്ധ ഉപദേശങ്ങളുടേയും പൊള്ളത്തരം മനസ്സിലാക്കാൻ സാധിച്ചത് ഈ സത്ത്യു തിയുടെ മാതാവിന്റെ പ്രേരണയാൽ ആയിരുന്നു. പരിശുദ്ധ അമ്മ നമ്മെ സത്യത്തിന്റെ തുറമുഖത്തേയ്ക്ക് നയിക്കും. കാരണം അവളിൽ കറയോ പാപമോ ഇല്ല. പ്രകാശം

ഇരുട്ടിനു വഴിമാറുന്നു. ജ്ഞാനത്തിനെതിരേ തിന്മ ബലപ്പെടുകയില്ല. (ജ്ഞാനം 7:30)

ഈ സ്വർഗ്ഗീയ അമ്മ എനിക്കും നിനക്കും വേണ്ടി സ്വർഗ്ഗത്തിലും ഭൂമിയിലും സമ്മാനമൊരുക്കി വയ്ക്കുന്നു. നന്മ നിറഞ്ഞ മറിയം തന്റെ നന്മയുടെ ഭണ്ഡാരത്തിൽ നിന്ന് തന്റെ മക്കൾക്ക് നൻമകൾ വാരിവിതറുന്നു. നാട്ടിലെ എന്റെ ഭവനം പണിയുടെ ഓരോ ഘട്ടത്തിലും കർത്താവിന്റെ സ്നേഹം പരിശുദ്ധ അമ്മയിലൂടെ മനസ്സിലാക്കാൻ പറ്റി. പണി ചെയ്യുന്ന ഓരാൾപോലും ഇടയ്ക്ക് നിറുത്തി പോകേണ്ട ഒരു സാഹചര്യം അമ്മയുടെ മാധ്യസ്ഥ ശക്തിയാൽ ഉണ്ടായില്ല. ഏകയെങ്കിലും സകലതും അവൾക്ക് സാധ്യമാണ്. (ജ്ഞാനം 7:27) ഒരിക്കൽ ഒരു അൽ–ഐൻ യാത്രയ്ക്കിടയിൽ ഞാൻ കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിച്ചു. എന്തുപേരാണ് അങ്ങ് എനിക്ക് നൽകിയ ഭവനത്തിന് ഞാനിടുക. വളരെപ്പെട്ടന്ന് തന്നെ ഈശോ ഉത്തരം പറഞ്ഞു. എന്റെ അമ്മയുടെ പേരിടുക എന്ന്. ഈശോ പറഞ്ഞു തന്ന പേര് ഇതായിരുന്നു. "Salve Rigina" (സ്വർല്ലോക രാജ്ഞി) നോക്കുക, തന്റെ അമ്മയെ പുത്രൻ എത്രമാത്രം ആദരിക്കുന്നു, അതുകൊണ്ടല്ലേ പ്രഭാഷകന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നത്. 'അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. (പ്രഭാ: 3:4)

ഈ അമ്മയുടെ കൈപിടിച്ച് നമുക്ക് ഭൂമിയിലൂടെ യാത്രതുടരാം. സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിലേക്ക് അവൾ നമ്മളെ എത്തിക്കും. യാക്കോബിന്റെ ഗോവണിയാണ് അവൾ. പുത്രൻ പറയുന്നത് ചെയ്യുവാൻ അവൾ നമ്മളെ സഹായിക്കും. സ്വർഗ്ഗം എനിക്കായി തന്ന ഈ അമ്മയോട് നമുക്ക് പ്രാർത്ഥിക്കാം. എന്നും ഈശോയോട് ചേർന്നിരിക്കാൻ – (അമ്മ പിരിയാതെ കുരിശുമരണം വരെ പുത്രനോട് ചേർന്നു നിന്നപോലെ) അവൻ പറയുന്നത് ശ്രവിക്കുവാൻ അവന്റെ ഇഷ്ടം എന്റെ ജീവിതത്തിൽ നിറവേറ്റാൻ പരിശുദ്ധ അമ്മേ നമ്മളെ സഹായിക്കണമേ. സ്വർല്ലോക രാജ്ഞി എനിക്കുവേണ്ടി അപേക്ഷിക്കണമേ. ആമ്മേൻ

---

*5–ാംപേജ് തുടർച്ച*

ഘട്ടത്തിലും അവനു പിടിച്ചു നിൽക്കാൻ ദൈവവചനം ഉപകരിക്കും. അവർ തളർന്നു പോകുകയില്ല. കുടുംബങ്ങളിൽ ദൈവവചനം ഉറക്കെ വായിക്കുമ്പോൾ അന്ധകാരശക്തികൾ ഓടിയകലുന്നു. ദിവസവും ഓരോ ദൈവവചനം മക്കളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ മുൻകൈ എടുക്കണം. അവരോടൊപ്പം ഇരുന്നു ആ വചനങ്ങൾ ധ്യാനിക്കുകയും വേണം. മുതിർന്നവരെ കണ്ടുകൊണ്ടാണ് മക്കൾ വളർന്നുവരുന്നത് എന്നു മറന്നുപോകരുത്. ദൈവത്തിന്റെ സാക്ഷികളായ് പ്രാർഥനയിൽ ഉറച്ച ബോധ്യമുള്ളവരായ് നമുക്ക് മക്കളെ വളർത്താം.

നമ്മുടെ ശരീരത്തിന്റെ നിലനിൽപ്പിനായ് വിശിഷ്ടമായ ആചാരങ്ങളാൽ നമ്മൾ തൃപ്തരാവുമ്പോൾ, നമ്മുടെ ഓരോരുത്തരുടേയും ആത്മാവിന്റെ നിലനിൽപ്പിനായ് ദൈവ വചനമെന്ന വിശിഷ്ടമായ ഭോജ്യം നിത്യവും നുകർന്നേ മതിയാകൂ. എന്നാൽ മാത്രമേ ഈ അന്ധകാരലോകത്തിൽ ദൈവത്തിന്റെ മക്കളായ്, തിന്മയെ എതിർക്കുന്ന ശക്തിയായി നിലകൊള്ളാൻ പറ്റൂ.

തന്നെ സ്നേഹിക്കുന്നവർക്കായ്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്കായ് അവിടുന്നു സകലവും നന്മക്കായ് പരിണിപ്പിക്കുന്നു. പ്രാർത്ഥനയിൽ മടുപ്പുതോന്നാതിരിക്കാൻ നമുക്കു ദൈവത്തോട് പ്രാർത്ഥിക്കാം.

എല്ലാ സ്തുതിയും, ആരാധനയും, മഹത്വവും യേശുവിന്!



# വിവാഹ ഒരുക്ക സെമിനാർ 2018

| Month | 1st Day | 2nd Day | 3th Day | 4th Day |
|---|---|---|---|---|
| September 2018 | 05th Wed | 06th Thu | 07th Fri | 08thSat |
| October 2018 | 10th Wed | 11th Thu | 12th Fri | 13th Sat |
| November 2018 | 14th Wed | 15th Thu | 16th Fri | 17th Sat |

വിവാഹഒരുക്കത്തിനായുള്ള മലയാളത്തിലുള്ള പഠന ക്ലാസ്സുകൾ, ദുബായ് മുഹൈസ്നായിലുള്ള സെന്റ് മേരീസ് കാത്തലിക് സ്കൂളിൽ എല്ലാ മാസത്തിലേയും രണ്ടാമത്തെ ആഴ്ചയിൽ ബുധൻ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ നടത്തുന്നു.

**ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈകീട്ട് 8 മുതൽ 10.30 വരെ.**
**വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 5.30 വരെ.**
**ശനിയാഴ്ച വൈകുന്നേരം 7 മുതൽ 10.30 വരെ.**

പങ്കെടുക്കാനാഗ്രഹിക്കുന്നവർ അലക്സച്ചന്റെ ഓഫീസിൽ (റൂം നമ്പർ 7) നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ബാച്ചിലും 60 പേർക്കാണ് പങ്കെടുക്കാനാവുക. ആദ്യമെത്തുന്ന ക്രമമനുസരിച്ചായിരിക്കും സീറ്റുകൾ ലഭ്യമാവുക. നാലു ദിവസത്തെ എല്ലാ ക്ലാസ്സിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്ലാസ് തുടങ്ങിയതിന് ശേഷം താമസിച്ച് വരുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല. രജിസ്ട്രേഷനുശേഷം ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുകയില്ല.

## വിവാഹത്തിനായ് NOC വാങ്ങാൻ വരുന്നവരുടെ ശ്രദ്ധയ്ക്ക്

1. നാട്ടിലെ ഇടവകയിൽനിന്നുള്ള ആറ് മാസത്തിലധികം പഴക്കമില്ലാത്ത മാമ്മോദീസ സർട്ടിഫിക്കറ്റ് കോപ്പി കൊണ്ടുവരേണ്ടതാണ്.
2. മലയാളി കമ്യൂണിറ്റി (MCC) മെമ്പർഷിപ്പ് എടുത്തിരിക്കണം. കൂടാതെ പാരിഷ് വെബ്സൈറ്റിലൂടെ പാരിഷ് മെമ്പർഷിപ്പ് എടുത്ത് ആ ഐ.ഡി. നമ്പറും കൊണ്ടുവരേണ്ടതാണ്.
3. Free state certificate/NOC പള്ളി ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.



# നിന്റെ സഹോദരൻ എവിടെ?



ജോബ് ജോസഫ്

ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചകാലം മുതൽ, അവന്റെ അന്ത്യവിധിയുടെ നാൾവരെ, ജീവിതത്തിലെ പലഘട്ടങ്ങളിലായി ദൈവം അവനോടു ചോദിക്കുന്ന ഒരു വലിയ ചോദ്യമാണ് 'നിന്റെ സഹോദരൻ എവിടെ?' മഹാഭൂരിപക്ഷവും ഇന്ന് ഗ്രഹിക്കാതെയും ഗൗനിക്കാതെയും പോകുന്ന ഒരു ചോദ്യം! സഹജീവികളോട് നാം എത്രത്തോളം സഹിഷ്ണതയും, ആർദ്രതതയും, കരുതലുമുള്ളവരായിരിക്കണം എന്ന് ദൈവം നമ്മെ ഉദ്ബോധിപ്പിക്കുന്ന ഒരേ ഒരു ചോദ്യം.

ഉൽപ്പത്തിയുടെ പുസ്തകത്തിൽ സ്വന്തം സഹോദരനെ വധിച്ച കായേനോട് നിന്റെ സഹോദരൻ എവിടെ എന്നാരാഞ്ഞ ദൈവം (ഉൽപത്തി. 4:9) പുതിയ നിയമത്തിലും ഇതേ ചോദ്യം ആവർത്തിക്കുന്നതു നമുക്കു കാണാം. ലൂക്കാ 16:19–31 വരെയുള്ള ഭാഗത്ത് വിവരിക്കുന്നത് സ്വന്തം സമൃദ്ധിയിൽ മതിമറന്നു ജീവിച്ച ധനവാൻ, തന്റെ വീട്ടുപടിക്കൽ രോഗാതുരനായി, വിശപ്പടക്കാൻ എച്ചിൽ കൂനയിൽ ഭക്ഷണം തിരഞ്ഞ ലാസറിനെ നിസ്സംഗതയോടെ അവഗണിക്കുന്നതും, അതിനുള്ള ശിക്ഷയായി നിത്യനരകത്തിന് അർഹനായിത്തീരുന്നതുമാണ്. ഈ ഉപമയുടെ പശ്ചാത്തലത്തിൽ ഉയർന്നു കേൾക്കുന്ന ചോദ്യവും മറ്റൊന്നല്ല – നിന്റെ സഹോദരൻ എവിടെ? എന്നു തന്നെയാണ്.

അന്ത്യവിധിയെക്കുറിച്ചുള്ള വി.മത്തായിയുടെ വിവരണത്തിൽ (25:3546) കർത്താവ് ഊന്നിപ്പറയുന്നത്, വിശക്കുന്നവനും, ദാഹിക്കുന്നവനും, പരദേശിയും, നഗ്നനും, കാരാഗ്രഹ വാസിയുമായ സഹജീവിയെ അവഗണിക്കുന്നവർക്കുള്ള ശിക്ഷാവിധിയെക്കുറിച്ചാണ്. ഇവിടെ മാരകമായ മറ്റുപാപങ്ങളെപ്പറ്റി പരാമർശിക്കാതെ, മേൽപറഞ്ഞ ഉപേക്ഷകളെ എടുത്തു

പറഞ്ഞ യേശു വിവക്ഷിക്കുന്നത്, കൊലപാതകം, വ്യഭിചാരം ഇത്യാദി മാരക പാപങ്ങൾക്കൊപ്പമോ, അഥവാ അതിലുപരിയോ ഗൗരവമുള്ള തിന്മയാണ്, വേദനിക്കുന്ന സഹോദരന്റെ കണ്ണീരൊപ്പാൻ തുനിയാതെ, ജീവിതത്തിൽ സുഖലോലുപതയിൽ മുഴുകി, തന്നിലേയ്ക്കു മാത്രം ചുരുങ്ങിക്കഴിയുന്ന മനുഷ്യൻ ചെയ്യുന്നത് എന്നാവാം.

ഏതു വിധേനയും ജീവിതം കരുപ്പിടിപ്പിക്കാനുള്ള വ്യഗ്രതയിൽ അതിവേഗം കുതിച്ചുമുന്നേറുമ്പോൾ, ഇടയ്ക്ക് വെച്ച് വഴിയിൽ വീണുപോകുന്ന സഹോദരങ്ങളെ നാം തിരിഞ്ഞുനോക്കാറുണ്ടോ? അവരേയും കൂടെകൂട്ടി ഒന്നിച്ചു നീങ്ങാൻ നാം എപ്പോഴെങ്കിലും അവർക്ക് ഒരു കൈത്താങ്ങാവാറുണ്ടോ? എനിക്കു കുറഞ്ഞുപോയി ദൈവമേ.. എന്ന് അവിടുത്തെ മുമ്പാകെ നാം മുട്ടിപ്പായി വിലപിക്കുമ്പോൾ, സഹോദരരുടെ ദയാവായ്പിന് യാചിച്ചുനിൽക്കുന്ന ദൈവമക്കളെ നാം കാണാതെ പോകുന്നുണ്ടോ?

ഇല്ലായ്മകളും, വേദനകളും, തകർച്ചകളും തളർത്തുന്ന നമ്മുടെ സഹോദരങ്ങൾക്ക് സാന്ത്വനമേകാൻ മുതിരാതെ, സ്വയം കേന്ദ്രീകൃതമായി നടത്തുന്ന നേർച്ചകൾക്കും, ഭക്താനുഷ്ഠാനങ്ങൾക്കും ദൈവം എന്തു വില നൽകും.

യുദ്ധക്കെടുതിമൂലം നരകയാത അനുഭവിക്കുന്ന ജനത, ഉറ്റവരേയും, ഉടയവരേയും നഷ്ടപ്പെട്ട്, തലചായ്ക്കാൻ ഒരിടമില്ലാതെ അലഞ്ഞുനടക്കാൻ വിധിക്കപ്പെട്ട ബാല്യങ്ങൾ, കൊടിയവരൾച്ചയും, കൃഷിനാശവും, ദാരിദ്ര്യവും മൂലം പട്ടിണിമരണം സംഭവിക്കുന്ന ദേശങ്ങൾ, സഹജീവികളാൽ പിച്ചിചീന്തപ്പെടുന്ന മനുഷ്യജന്മങ്ങൾ, നാളെ ഒരു പ്രഭാതം കൂടി കാണുവാൻ ഇടവരുമോ എന്നു തീർച്ചയില്ലാതെ ജാതിയുടേയും മതത്തിന്റേയും പേരിൽ പീഢനം അനുഭവിക്കുന്ന അനേകർ... 21-ാം നൂറ്റാണ്ടിന്റെ ഇരുളടഞ്ഞ ഈ ജീവിതങ്ങൾ മാധ്യമദ്വാരാ എത്രയോ തവണ നമ്മുടെ മുമ്പിൽ മനസ്സിന്റെ വിതുമ്പലായി മിന്നിമറഞ്ഞിരിക്കുന്നു? അവരനുഭവിക്കുന്ന ശൂന്യതയുടെ മുമ്പിൽ, നമ്മുടെ കുറവുകൾ എത്ര മാത്രം നിസ്സാരം! ഒരു നിമിഷം മനസ്സിരുത്തി ധ്യാനിക്കാം. ദൈവം നമുക്കായി തീർത്ത സുശക്തമായ കോട്ടക്കുള്ളിൽ നാം എത്രയോ സുരക്ഷിതരാണ്! ആ ദൈവത്തോട് നന്ദിയും വിശ്വാസ്തതയും പുലർത്തുന്നതിൽ നാം എത്രത്തോളം മുൻപന്തിയിലാണ്?

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒരു പക്ഷെ മേൽ വിവരിച്ച ഗണത്തിലെ ആരെയും നാം കണ്ടുമുട്ടിയില്ലെന്ന് വരാം. എങ്കിലും, കാണാപ്പുറങ്ങളിൽ വേദനിക്കുന്ന ഒട്ടേറെ ജീവിതങ്ങളുണ്ടെന്ന് നാം തിരിച്ചറിയണം. ആ തിരിച്ചറിവിൽ നിന്നുകൊണ്ട്, അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നമുക്കു സാധിക്കണം. ക്രിസ്തീയ ജീവിതത്തിലൂടെ, നാമോരോരുത്തരും വിശുദ്ധരായി ജീവിക്കുവാൻ വിളിക്കപെട്ടവരാണ്. വേദനിക്കുന്നവരുടെ നടുവിലേക്കിറങ്ങിച്ചെന്ന്, അവരെ ശുശ്രൂഷിച്ച്, അങ്ങനെ ജീവിതകാലത്തുതന്നെ ലോകം വിശുദ്ധയെന്നു വാഴ്ത്തിയ മദർ തെരേസാ മുതൽ, കന്യാമഠത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ വേദന സഹനമാക്കിമാറ്റി, പുറംലോകം അറിയാതെ എരിഞ്ഞടങ്ങിയ നമ്മുടെ സ്വന്തം വി.അൽഫോൺസാമ്മ വരെയുള്ള വിശുദ്ധരടങ്ങുന്ന സഭയാണ് ക്രൈസ്തവ സഭ. താന്താങ്ങളുടെ കഴിവിനും ചുറ്റുപാടുകൾക്കുമനുസരിച്ച് മറ്റുള്ളവർക്ക് നന്മചെയ്തുകൊണ്ട് ജീവിച്ചാൽ ദൈവതിരുസന്നിധിയിൽ നമ്മുടെ ജീവിതവും വിലയേറിയതും അനുഗ്രഹീതവുമാകും എന്നതിന് മറ്റെന്ത് ദൃഷ്ടാന്തമാണ് നമുക്കാവശ്യം?

ബലഹീനരെ ആർദ്രതയോടെ കാക്കുന്ന അലിവുള്ള നമ്മുടെ തമ്പുരാന്റെ അനുകമ്പാർദ്രമായ വചനങ്ങൾ നമ്മുടെ മനോമുകുരത്തിൽ എന്നും മുഴങ്ങട്ടെ.

'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്.' (മത്താ. 25:40)




















YAMAHA





# MCC 2018 EXECUTIVE COMMITTEE


**BOBY ANTONY**
Co-ordinator


**JAMES BENJAMIN**
Joint Co-ordinator


**WILSON K AMBOOKAN**
Secretary


**JOY PETER**
Joint Secretary


**NITHEESH XAVIER**
Treasurer


**JOJU DEVASSY**
Joint Treasurer


**THOMAS NEDIYATH**
Executive Member

# MCC 2018 GENERAL COMMITTEE


**DOMINIC SAVIO**


**FERNANDO JOSEPH**


**JOBY**


**JOLY JESUDASN**


**JOHNSON EZEKIAS**


**JOSE PETER**


**JOSE V KAVALAKKAT**


**JUDE BERNARD**


**MAJO K ANTONY**


**MANOJ THOMAS**



**V.O MATHEWS**


**VIPIN RAPHAEL**


**XAVIER VARGHESE**

# മലയാളി കത്തോലിക്ക കൂട്ടായ്മയുടെ പുതിയ വെബ് സൈറ്റ് സന്ദർശിക്കുക.

# www.mccdubai.org




- കുർബാന സമയക്രമങ്ങൾ
- മലയാളത്തിലുള്ള കുമ്പസാര സമയങ്ങൾ
- വെള്ളിയാഴ്ച അറിയിപ്പുകൾ
- വിവാഹ ഒരുക്ക സമയക്രമങ്ങൾ
- തിരുനാൾ, ആഘോഷങ്ങളുടെ ഫോട്ടോസ്
- പുറപ്പാട്, പറുദീസ, ക്രിസ്റ്റീൻ ധ്യാനം തുടങ്ങിയവയുടെ ഫോട്ടോകൾ

വെബ്സൈറ്റിലൂടെമലയാളി കത്തോലിക്ക കൂട്ടായ്മയുടെ മിനിസ്ട്രികളെ പരിചയപ്പെടുക

കരിസ്മാറ്റിക്ക് പ്രാർത്ഥന

ജീസസ് യൂത്ത്

നേഴ്സ്സ് മിനിസ്ട്രി

EMHS

Alter Services




വളണ്ടിയർ സർവീസ്



ഗാന ശുശ്രൂഷ

**വെബ്സൈറ്റ് സബ്സ്ക്രൈബ് ചെയ്താൽ അറിയിപ്പുകൾ e-mail ആയി ലഭിക്കും.**

VAGDANAM - Dubai Malayalee Catholic Congregation Newsletter
Issue No.: 51 August 2018
For Private Circulation Inside the Church Compound Only





